# ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ : അജിത് ദാസ്.എ)

ഗ്രാമവികസന വകുപ്പ്-ജീവനക്കാര്യം-ചിറ്റുമല ബ്ലോക്കിലെ യു.ഡി.ടൈപ്പിസ്റ്റായ ശ്രീമതി. സജീമാ ബീവിയ്ക്ക് സെലക്ഷൻ ഗ്രേഡ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നത്-സംബന്ധിച്ച്.

---

**ഉത്തരവ് നം. 21715/എസ്റ്റാ. ഡി. 4/2011/സിആർഡി** **തീയതി : 20-08-2019**

---

പരാമർശം :- 1) സ.ഉ.(പി) നം. 07/2016/ധന തീയതി 20-01-2016.

2) ഈ ഓഫീസിലെ 11-04-2014 -ലെ 12197/എസ്റ്റാ. ഡി.4/2009/ സിആർഡി നമ്പർ ഉത്തരവ്.

3) 19-06-2019 -ലെ ഇആർബി.2/224/2019/തസ്വഭവ നമ്പർ സർക്കാർ കത്ത്.

## ഉത്തരവ്

ഗ്രാമവികസന കമ്മീഷണറേറ്റിൽ യു.ഡി.ടൈപ്പിസ്റ്റായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. സജീമാ ബീവി യ്ക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നൽകിയ തസ്തിക മാറ്റം ടിയാൾ വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി നേടിയാതാണെന്ന് കണ്ടെത്തിയതിനാൽ റദ്ദ് ചെയ്യുകയും ടിയാൾ കോൺഫഡൻഷ്യനൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവ് പ്രസ്തുത തസ്തികയുമായി ബന്ധപ്പെട്ട് യാതൊരുവിധ സർവ്വീസ് ആനുകൂല്യങ്ങൾക്കു പരിഗണിക്കാൻ പാടില്ലെന്ന് 10-06-2015 ലെ സ.ഉ(ആർ.റ്റി) നം. 1735/15/തസ്വഭവ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ടിയാൾ ടൈപ്പിസ്റ്റ് തസ്തികയിൽ തുടർന്നിരുന്നവെങ്കിൽ ലഭിക്കുമായിരുന്ന ആനുകൂല്യങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ KS & SSR Part II Rule 27(a) പ്രകാരം യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ടിയാളുടെ സീനിയോരിറ്റി നിലനിൽക്കുന്നതാണെന്ന് പരാമർശം (3) പ്രകാരം സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയോരിറ്റി നമ്പർ 77 ആയ ശ്രീമതി. ശാരദാമ്മ.എം.എൻ എന്നയാൾക്കും, സീനിയോരിറ്റി നമ്പർ 79 ആയ ശ്രീ. ശൈലേന്ദ്ര ബാബു എന്നയാൾക്കും 01-02-2011 പ്രാബല്യത്തിൽ പരാമർശം (2) -ലെ ഉത്തരവ്

പ്രകാരം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു. ആയതിൻ പ്രകാരം നിലവിൽ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയോരിറ്റി നമ്പർ 78 ആയ ശ്രീമതി. സജീമാ ബീവിയ്ക്ക് 01-02-2011 തീയതിയിലെ പ്രാബല്യത്തിൽ ടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. പരാമർശം (1) -ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ടിയാളുടെ ശമ്പളാനുകൂല്യങ്ങൾ ക്രമീകരിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ടിയാളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ടി വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

ശ്രീമതി. സജീമാ ബീവി, ടൈപ്പിസ്റ്റ്,
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ചിറ്റുമല (മേലധികാരി മുഖേന)

പകർപ്പ് :-

1) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), കൊല്ലം
2) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ചിറ്റുമല
3) സിസ്റ്റം സൂപ്പർവൈസർ, സിആർഡി
4) ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

2

വിഎസ് 1819